LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള സർക്കാരിന്റെ (2011-2015) കാലയളവിൽ എടുത്ത പൊതുകടം 2015 മാർച്ച് 31 വരെ 56767 കോടി രൂപയാണ്. വകുപ്പുതല കണക്കു പ്രകാരം 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും തിരിച്ചടയ്ക്കേണ്ട തുക (മുതൽ), പലിശ എന്നിവ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

വർഷം	തിരിച്ചടയ്ക്കേണ്ട മുതൽ	തിരിച്ചടയ്ക്കേണ്ട പലിശ	ആകെ തുക
2016-17	3938.24	8266.96	12205.20
2017-18	5680.47	7957.34	13637.81
2018-19	6965.61	7522.73	14488.34
2019-20	6852.71	6983.48	13836.19
2020-21	6812.95	6522.19	13335.14

(ബി) 2015-16 കാലയളവിൽ കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച വായ്പാ പരിധിയായ 15605 കോടി (തനി) രൂപയുടെ പരിധിയിൽനിന്നുകൊണ്ട് ആവശ്യാനുസരണം മാത്രമേ കടം എടുക്കേണ്ടതായി വരികയുള്ളൂ.

ബഡ്ജറ്റിലെ നടപ്പിലാക്കാത്ത പദ്ധതികൾ

67 (72) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ അവതരിപ്പിച്ച ഓരോ ബഡ്ജറ്റിലും പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇനിയും നടപ്പിലാക്കാതെ അവശേഷിക്കുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ബി) നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഏതെല്ലാം എന്ന് വർഷം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.